പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5547 | 28.07.2015-ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗൻവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ജി.സുധാകരൻ** | **ഡോ.എം.കെ.മുനീർ**<br>**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളത്; ഇതിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ട്; | (എ)<br>അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ആകെ അങ്കണവാടികൾ - 136<br>സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ -76<br>വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ -57<br>വാടക ഇല്ലാതെ സൗജന്യമായി ലഭ്യമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ -3 |
| (ബി) മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും എത്ര അംഗൻവാടികളെ തെരഞ്ഞെടുത്തു; അവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ? | (ബി) അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും ഒരു അങ്കണവാടിയെയാണ് മാതൃക അങ്കണവാടിയായി തിരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത മാതൃക അങ്കണവാടിയുടെ കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ല. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ CRZ ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്തതു കൊണ്ടാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്. പ്രസ്തുത നിയോജക മണ്ഡലത്തിൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്തി മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ